**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനം അഭിമുഖീകരിച്ച പ്രളയത്തെ തുടർന്ന് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് താൽക്കാലികമായി സൂക്ഷിക്കുന്ന അജൈവ മാലിന്യങ്ങളിൽ നനഞ്ഞ ഫോം മെത്തകൾ, തലയിണകൾ, നനഞ്ഞ പ്ലാസ്റ്റിക് വസ്തുക്കൾ എന്നിവ കൊച്ചിയിലെ കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ എഞ്ചിനിയേഡ് ലാൻഡ് ഫില്ലിൽ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഒരു മെട്രിക് ടണ്ണിന് GST ഉൾപ്പടെ **1796/-** രൂപ നിരക്കിൽ നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2805/2018/തസ്വഭവ തിരുവനന്തപുരം, തീയതി 01.11.2018

പരാമർശം :- 1) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.09.2018 ലെ 2813/A/2018/SM നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനം അഭിമുഖീകരിച്ച പ്രളയത്തെ തുടർന്ന് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ശേഖരിച്ച് താൽക്കാലികമായി സൂക്ഷിച്ചിരിക്കുന്ന അജൈവ മാലിന്യങ്ങളിൽ ഫോം മെത്തകൾ,തലയിണകൾ, നനഞ്ഞ പ്ലാസ്റ്റിക് വസ്തുക്കൾ എന്നിവ എഞ്ചിനേയഡ് ലാന്റ് ഫിൽ എന്ന പശ്ചാത്തല സൗകര്യം ഉപയോഗിച്ച് നിർമാർജനം ചെയ്യുവാൻ ഒരു മെട്രിക് ടണ്ണിന് 1691/- രൂപയും 18% ജി.സ്.ടി യും എന്ന നിരക്കിൽ അനുവദിക്കാമെന്നും ഒറ്റ തവണ മെമ്പർഷിപ്പ് തുകയായ 50000/- രൂപയും ജി.എസ്.ടി യും ഒഴിവാക്കാമെന്നും അജൈവ മാലിന്യങ്ങൾ സ്ഥാപനത്തിന്റെ വാഹനമെത്തി എടുക്കേണ്ടതുണ്ട് എങ്കിൽ ഒരു മെട്രിക് ടണ്ണിന് കിലോമീറ്റർ ഒന്നിന് 7.9/- രൂപയും ജി.എസ്.ടി യും ( ലോഡിങ് അൺ ലോഡിങ് ഒഴികെ) എന്ന നിരക്കിൽ ശേഖരിക്കാമെന്നും കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് അറിയിച്ചിട്ടുണ്ട് എന്നും മേൽ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത് സംബന്ധിച്ച അനുമതി നൽകണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മേൽ പരാമർശ പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രളയത്തെ തുടർന്ന് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് താൽക്കാലികമായി സൂക്ഷിക്കുന്ന അജൈവ മാലിന്യങ്ങളിൽ നനഞ്ഞ ഫോം മെത്തകൾ, തലയിണകൾ, നനഞ്ഞ പ്ലാസ്റ്റിക് വസ്തുക്കൾ എന്നിവ കൊച്ചിയിലെ കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ എഞ്ചിനിയേഡ് ലാൻഡ് ഫില്ലിൽ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഒരു മെട്രിക് ടണ്ണിന് GST ഉൾപ്പടെ

1796/- രൂപ നിരക്കിൽ നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപങ്ങൾക്ക് തന്നെ മാലിന്യം കൊച്ചിയിലെ കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിൽ എത്തിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു എൽ**

**ഗവ.സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന )
മാനേജിംഗ് ഡയറക്ടർ, കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർലിമിറ്റഡ് , കൊച്ചി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്